പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : **585** 27.10.2011-ന് മറുപടിയ്ക്ക്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യ | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ വിപുലീകരണത്തിനു വേണ്ടിയുള്ള ഒരു റീ ഓർഗനൈസേഷൻ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഓരോ ആറു മാസം കൂടുമ്പോഴും ഫാക്ടറികൾ പരിശോധിച്ച് നിയമം നടപ്പിലാക്കാനായി ഡിപ്പാർട്ടുമെന്റിൽ നിലവിൽ 23 ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർമാരും 3 റീജിയണൽ ജോയിന്റ് ഡയറക്ടർമാരും ഉണ്ട്. കൂടാതെ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ, മെഡിക്കലിന്റെ കീഴിൽ ഒരു മെഡിക്കൽ വിഭാഗവും, കെമിക്കൽ ഫാക്ടറികൾ പരിശോധിക്കുന്നതിനായി ഒരു കെമിക്കൽ വിഭാഗവും നിലവിലുണ്ട്. കേരളത്തിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് വേണ്ടി ഓൺലൈൻ സംവിധാനം ഉപയോഗിച്ച് രജിസ്ട്രേഷനും ലൈസൻസും നൽകി വരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട |

| | |
|---|---|
| | സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൂന്നു മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസും ഡയറക്ടറാഫീസും മോഡൽ ഓഫീസാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. പൊതുജനങ്ങൾ സമർപ്പിക്കേണ്ട അപേക്ഷകളും റിട്ടേണുകളും ഓൺലൈൻ വഴി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ ജന്യരോഗങ്ങൾ കണ്ടുപിടിച്ച് ചികിൽസിക്കുന്നതിനുവേണ്ടി കൊല്ലം കേന്ദ്രീകരിച്ച് ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ രാസാപകടങ്ങൾ ഉണ്ടാകുന്ന എറണാകുളം ജില്ലയിൽ രാസാപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ പ്രവർത്തിച്ചു വരുന്നു. കൂടാതെ വകുപ്പിനു കീഴിൽ അത്യാധുനിക രീതിയിലുള്ള ഒരു മൊബൈൽ ട്രെയിനിംഗ് വാഹനം (സുരക്ഷാരഥം) ഉപയോഗിച്ച് പൊതുജനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും വേണ്ടി സുരക്ഷാ പരിശീലന പരിപാടികളും നടപ്പാക്കി വരുന്നു. |
| ബി) പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കാലോചിതമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | ബി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ വർഷത്തിൽ 2 പ്രാവശ്യം എല്ലാ ഓഫീസർമാർക്കും ഇൻസർവ്വീസ് ട്രെയിനിംഗ് നടത്തുന്നുണ്ട്. കൂടാതെ ഉയർന്ന ഓഫീസർമാർക്ക് ഡയറക്ടറേറ്റ് ജനറൽ |

ഫാക്ടറി അഡ്വൈസ് സർവ്വീസ് ആന്റ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട് (DGFASLI) , റീജിയണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെന്നൈ, കൊൽക്കത്ത, കാൺപൂർ, ഫരീദാബാദ്, കേന്ദ്രങ്ങളിൽ പരിശീലനം നടത്തി വരുന്നുണ്ട്. ബോയിലർ ഇൻസ്പെക്ടർമാരുടെ പുതിയ യോഗ്യതാ നിയമം അനുസരിച്ച് ഇൻഡ്യൻ സൊസൈറ്റി ഫോർ നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ്(ISNT) മുഖാന്തരം ഒന്നാംഘട്ടം എന്ന നിലയിൽ 20 പേർക്ക് നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് (NDT) ലെവൽ-2 പരിശീലനം നൽകി യോഗ്യത നേടിയിട്ടുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ വ്യത്യസ്ത വിഷയങ്ങളിൽ IMG-യിൽ പരിശീലനം നൽകി വരുന്നു.

സി) വകുപ്പിന്റെ അധീനതയിലുള്ള ലബോറട്ടറികൾ നവീകരിക്കുന്ന തിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സി) പരിഗണിക്കുന്നതാണ്.

ഡി)ഇവിടെ സ്പാർക്ക് സംവിധാനം ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡി)ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ എല്ലാ ഓഫീസുകളിലും സ്പാർക്ക് സംവിധാനം നിലവിൽ വിനിയോഗിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ